പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3633 14/03/2017-ൽ മറുപടിയ്ക്ക്

## ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ നിയമനം

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ എത്ര അസിസ്റ്റന്റ് ഡയറക്ടർ തസ്തിക നിലവിലുണ്ട്; പ്രസ്തുത തസ്തികകളിൽ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ/സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ 167 അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. പ്രസ്തുത തസ്തികകളിൽ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ/സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ; ഈ ഒഴിവ് എത്ര നാളായി ഉണ്ടായതാണ്; ഈ തസ്തികയിലേക്ക് നിയമിക്കപ്പെടേണ്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ, സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.ടി.ദിലീപ് കുമാർ 30/06/2014 -ൽ വിരമിച്ചതിനെ തുടർന്ന് 01/07/2014 മുതൽ ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടേണ്ടവരുടെ നിലവിലുള്ള 12/11/2014 കാലയളവിൽ നിയമിതരായ സീനിയർ ബയോളജിസ്റ്റുമാരുടെ അന്തിമ സീനിയോരിറ്റി പട്ടികയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ സീനിയർ ബയോളജിസ്റ്റിന് പുറമേ മറ്റേതെങ്കിലും തസ്തിക കൂടി പരിഗണിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (സി) | ജി.ഒ(എം.എസ്) നം. 27/2017/ആ.കു.വ തീയതി 18/02/2017 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ), അസിസ്റ്റന്റ് ഡയറക്ടർ(എന്റമോളജി) എന്നീ തസ്തികകളിലേയ്ക്കുള്ള നിമയനം ഹയർഗ്രേഡ് ജില്ലാ മലേറിയ ആഫീസർ, സീനിയർ ബയോളജിസ്റ്റ് എന്നീ തസ്തികകളിൽ നിന്നും 1:1 അനുപാതത്തിൽ സ്ഥാനക്കയറ്റം മുഖേന നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവരുടെ അഭാവത്തിൽ ജില്ലാ മലേറിയ ആഫീസർ, ബയോളജിസ്റ്റ്/ എന്റമോളജിസ്റ്റ് എന്നിവരുടെ |

| | | | |
|---|---|---|---|
| | | | കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 1:1 അനുപാതത്തിൽ സ്ഥാനക്കയറ്റം മുഖേന നിയമിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ പറയുന്നു. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവുണ്ടായ ദിവസം മുതൽ മുൻകാല പ്രാബല്യത്തിൽ സീനിയോറിറ്റി പ്രകാരം അർഹനായ സീനിയർ ബയോളജിസ്റ്റിനെ നിയമിക്കാനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ; | (ഡി) | അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവുണ്ടായ തീയതി മുതൽ നടന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി പരിഗണിച്ച സീനിയർ ബയോളജിസ്റ്റുമാർ പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത നിശ്ചയിച്ചു കൊണ്ടുള്ള 08/04/1994 ലെ സ.ഉ(എം.എസ്) 82/1994/ആ.കു.വ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യത നേടിയിട്ടില്ല. അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവുണ്ടായ തീയതി മുതൽ നടന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി പരിഗണിച്ചവരിൽ അർഹരായ സീനിയർ ബയോളജിസ്റ്റുമാരെ ഒഴിവാക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ; ഈ തസ്തികയിൽ നിയമനത്തിന് പുതിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനുമുമ്പ് അർഹത നേടിയ സീനിയർ ബയോളജിസ്റ്റിനെ പരിഗണിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്